മി. സ്പീക്കർ: ഓർഡർ............ ഓർഡർ........ ചോദ്യം നമ്പർ *151.... ബഹുമാന്യയായ ഇ. എസ്. ബിജിമോൾ.......

ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.....

(അഴിമതി ആരോപണ വിധേയരായ മന്ത്രിമാർ രാജിവയ്ക്കണമെന്ന ആവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,.....

.........(ബഹളം)..........

മി. സ്പീക്കർ: ചെയർ പറയുന്നത് ശ്രദ്ധിക്കണം. ആദ്യം ഞാൻ ചോദ്യം നമ്പർ പറഞ്ഞു. അതിനുശേഷം ശ്രീമതി ഇ.എസ്. ബിജിമോളെ ചോദ്യം ചോദിക്കുന്നതിനായി വിളിച്ചു. ശ്രീമതി ഇ. എസ്. ബിജിമോൾ സീറ്റിൽ എഴുന്നേറ്റുനിൽക്കുകയും ചെയ്തു. ചോദ്യം ചോദിക്കുന്നില്ലായെന്ന് പറഞ്ഞിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയെ വിളിക്കില്ലായിരുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഞാൻ ചോദ്യം ചോദിക്കുന്നില്ല.

മി. സ്പീക്കർ: സീറ്റിലെഴുന്നേറ്റ് നിന്ന ശ്രീമതി ഇ. എസ്. ബിജിമോൾ ചോദ്യം

ചോദിക്കുന്നില്ലായെന്ന് പറഞ്ഞില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഞാൻ ചോദ്യം ചോദിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയേണ്ടതില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.(അനുബന്ധമായി ചേർക്കുന്നു.)

(നക്ഷത്രചിഹ്നമിട്ട 151, 152, 153 എന്നീ നമ്പർ ചോദ്യങ്ങൾ ചോദ്യകർത്താക്കളായ പ്രതിപക്ഷാംഗങ്ങൾ ഉന്നയിക്കാത്തതിനാൽ പരിഗണനയ്ക്കെടുത്തില്ല. )

## മലയാള ഭാഷ – ഔദ്യോഗിക ഭാഷ

*154. ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ആർ. സെൽവരാജ്:
ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയെ ഔദ്യോഗിക ഭാഷയാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) ഉണ്ട്.

(ബി) കേരളത്തിലെ ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളത്തിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. പ്രസ്തുത നയം നടപ്പിലാക്കുന്നതിലേയ്ക്കുവേണ്ടി കർമ്മപരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. മലയാളം കമ്പ്യൂട്ടിങ്ങ് പരിശീലനം, ഭരണഭാഷാ പരിശീലനം, കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ബോർഡുകൾ മലയാളത്തിലാക്കൽ, പരിഭാഷാ സെൽ രൂപീകരണം, വകുപ്പുതല സമിതി, ഭരണഭാഷാ പ്രചാരണം മലയാളത്തിലാക്കൽ, വെബ് സൈറ്റിലെ വിവരം മലയാളത്തിൽ കൂടി ലഭ്യമാക്കൽ, ക്ലാസ് I & II ഓഫീസർമാർക്ക് മലയാളം കമ്പ്യൂട്ടിങ്ങിലും ഭാഷയിലും പരിശീലനം നൽകൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് കർമ്മപരിപാടി രൂപപ്പെടുത്തിയിട്ടുള്ളത്. ഇത് നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും ഏകോപനാധികാരിയെ നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 28.11.2015-ലെ സ.ഉ. (കയ്യെഴുത്ത്) 35/2015/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പ്രകാരം ഭരണഭാഷാ വർഷാഘോഷം 2015 നവംബർ 1 മുതൽ 2016 ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഭാഷാമാറ്റ പുരോഗതി 100 ശതമാനം കൈവരിക്കുന്നതിനാവശ്യമായ കർമ്മപദ്ധതി ഔദ്യോഗിക ഭാഷാവകുപ്പ് തയ്യാറാക്കിയിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി നടപ്പിലാക്കുന്നതിനായി 05.02.2014-ലെ സ.ഉ. (കൈ) 5/2014/ഉ.ഭ.പ.വ, 17.10.2014 -ലെ സ.ഉ. (കൈ) 35/2014/ഉ.ഭ.പ.വ, എന്നീ ഉത്തരവുകൾ വഴി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും എല്ലാ സർക്കാർ വകുപ്പുകൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധസർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രൊഫോർമയുടെ വിവരങ്ങൾ അടങ്ങിയ പകർപ്പ് ഔദ്യോഗികഭാഷാ വകുപ്പിന് ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ലൂഡി ലൂയിസ് : സർ, മലയാളം മാത്രം കേരളത്തിലെ ഔദ്യോഗിക ഭാഷ ആകുമ്പോൾ, നമ്മുടെ സംസ്ഥാനത്തെ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ഔദ്യോഗികാവശ്യങ്ങൾക്ക് അവരുടെ ഭാഷ ഉപയോഗിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, തമിഴും കന്നടയും ഭാഷാ ന്യൂനപക്ഷങ്ങളായിട്ട് നമ്മൾ അംഗീകരിച്ചിട്ടുണ്ട്. മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കും. അതേസമയം ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ഇതുമൂലം ഒരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കും. അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുമെന്ന് ഉറപ്പുപറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ലൂഡി ലൂയിസ്: സർ, നമ്മുടെ സംസ്ഥാനത്ത് കോടതി നടപടികൾ പലതും ഇംഗ്ലീഷിലാണ്. അത് മലയാളത്തിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മലയാളഭാഷ എല്ലാതലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനാണ് നമ്മൾ ശ്രമിച്ചിട്ടുള്ളത്. കോടതികളിലും മലയാളഭാഷ കൊണ്ടുവരുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് കുറേക്കൂടി വേഗത്തിലാക്കാൻ പ്രത്യേകമായി ശ്രമിക്കുന്നതാണ്.

(സീറ്റിലില്ലാതിരുന്നതിനാൽ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീ. ആർ. സെൽവരാജ്, ശ്രീ. എം.എ. വാഹീദ് എന്നീ അംഗങ്ങൾ ഉപചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ സുബോധം പദ്ധതിയെപ്പറ്റി ചോദിക്കണമെന്നാണ് കരുതിയിരുന്നത്. പക്ഷെ സുബോധമില്ലാത്തവരുടെ എണ്ണം

സഭയിൽ കൂടിയതുകൊണ്ട് ഞാൻ മലയാള ഭാഷയെക്കുറിച്ച് ചോദിക്കുകയാണ്. ഔദ്യോഗിക ഭാഷ മലയാളമാക്കുമ്പോഴും കോടതി ഭാഷ ഇംഗ്ലീഷാണ്. അതുപോലെ നിയമസഭയിൽ പരിപൂർണ്ണമായും ഔദ്യോഗിക ഭാഷ മലയാളമാക്കാൻ സാധിച്ചിട്ടില്ല. പല ബില്ലുകളും പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയെപ്പോലുള്ള കമ്മിറ്റികളുമെല്ലാം മാധ്യമമായി ഉപയോഗിക്കുന്നത് ഇംഗ്ലീഷാണ്. അതുകൊണ്ട് കോടതിയിലും നിയമസഭയിലുമടക്കം എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഔദ്യോഗിക ഭാഷാ നിയമം ഈ സഭ പാസ്സാക്കിയതാണ്. അത് ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. എന്നാൽ ഒരു ദിവസം കൊണ്ടോ ഒരുവർഷം കൊണ്ടോ അതിന്റെ ലക്ഷ്യം നേടാൻ സാധിക്കുമെന്ന് പറയുന്നില്ല. പക്ഷെ, ഈ നിയമം നടപ്പിലാക്കുന്നതിന് വളരെ ഇച്ഛാശക്തിയോടുകൂടി നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. മുരളീധരൻ : സർ, ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കാൻ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റിന്റെ ചില ഔദ്യോഗിക പരിപാടികളുടെയും ക്ഷണക്കത്ത് അച്ചടിക്കുന്നത് ഇംഗ്ലീഷിലാണ്. ഇത് പൂർണ്ണമായും പരിഹരിക്കുവാനും സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ

പരിപാടികളുടെയും കത്തുകൾ മലയാളത്തിലാക്കുവാനും കർശനമായ നിർദ്ദേശം നൽകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ദേശീയ, അന്തർദേശീയ പ്രതിനിധികൾ കൂടി പങ്കെടുക്കുന്ന പരിപാടികളൊഴികെ സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ പരിപാടികളും മലയാളത്തിലായിരിക്കണമെന്ന് വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് പരമാവധി പാലിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതിന് എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കും. അതേസമയം മറ്റ് സംസ്ഥാനങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന മീറ്റിംഗുകളിൽ നമുക്ക് ചില പരിമിതികളുണ്ട്. നമ്മൾ ഭാഷാ പ്രേമികളാണ്, പക്ഷെ ഒരിക്കലും ഭാഷാ ഭ്രാന്ത് കാണിച്ചിട്ടില്ല; കാണിക്കുകയുമില്ല. അതുകൊണ്ട് പ്രായോഗികമായ സമീപനംതന്നെ സ്വീകരിക്കും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യത്തിൽ വ്യക്തമായ നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. കെ. എം. ഷാജി: സർ, രോഗവും മറ്റ് കാര്യങ്ങളുമായി ബുദ്ധിമുട്ടുന്ന ദുർബ്ബല ജനവിഭാഗങ്ങളുടെ അപേക്ഷാ ഫോറങ്ങൾ ഇപ്പോഴും ഇംഗ്ലീഷിലാണ്. വളരെ സാധുക്കളായ ആളുകളുടെ രോഗത്തിന് ധനസഹായം കൊടുക്കുന്നതിനുള്ള അല്ലെങ്കിൽ സാമൂഹികമായ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതുമായി

ബന്ധപ്പെട്ട പല ആപ്ലിക്കേഷനുകളും ഇംഗ്ലീഷിലാണ്. അതുകൊണ്ട് നമ്മുടെ ഭാഷയുമായി ബന്ധപ്പെട്ട് ആദ്യം പരിഹരിക്കേണ്ടത് ഇതാണ്. ഇത് most deserving ആയ ഒരു വിഷയമാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇവിടത്തെ സാധാരണക്കാർ കൊടുക്കുന്ന അപേക്ഷകൾ മലയാളത്തിൽത്തന്നെ ആകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിന് വ്യത്യസ്തമായി എവിടെയെങ്കിലും ഉണ്ടെങ്കിൽ തിരുത്തുന്നതാണെന്ന് സഭയ്ക്ക് ഉറപ്പുനൽകാൻ ആഗ്രഹിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസിനുതാഴെ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>ശ്രീ. കെ. എസ്. ശബരിനാഥൻ</u>: സർ, മലയാള ഭാഷ ഔദ്യോഗിക ഭാഷയാക്കുവാനുള്ള കർമ്മ പദ്ധതി ഇഫക്ടീവായി നടക്കണമെങ്കിൽ എല്ലാ കമ്പ്യൂട്ടറുകളിലെയും മലയാളം സോഫ്റ്റ്‌വെയർ ലഘൂകരിച്ച് കൊടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. ഇന്ന് മലയാള ഭാഷയ്ക്ക് ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ പലതരമാണ്. ഇംഗ്ലീഷിൽ ടൈപ്പ്

ചെയ്യുന്നതുപോലെ വളരെ എളുപ്പത്തിൽ ടൈപ്പ് ചെയ്യാൻ മലയാളം സോഫ്റ്റ് വെയറിൽ കഴിയുന്നില്ല. മലയാളം എളുപ്പത്തിൽ ടൈപ്പ് ചെയ്യാനുള്ള സ്വതന്ത്രമായ സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ മലയാള ഭാഷാ സോഫ്റ്റ്‌വെയറിന് അനുയോജ്യമായ രീതിയിലുള്ള കംപ്യൂട്ടിംഗിനായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഇംഗ്ലീഷ് ഭാഷയെപ്പോലെ അനായാസമായ മലയാളം കംപ്യൂട്ടിംഗിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. മോയിൻകുട്ടി: സർ, മലയാള ഭാഷയെ നാണംകെടുത്തുന്ന തരത്തിലുള്ള ഭാഷാ പ്രയോഗങ്ങൾ ദൃശ്യമാധ്യമങ്ങളിൽ നിരന്തരം തുടരുകയാണ്. ഇത് പലപ്പോഴും ഈ സഭയിൽത്തന്നെ ചർച്ചാ വിഷയമായിട്ടുള്ളതാണ്. മലയാള ഭാഷയുടെ പരിശുദ്ധി സംരക്ഷിക്കുന്നതിനുവേണ്ടി ഈ കാര്യത്തിൽ വളരെ കർശനമായ ഇടപെടലുകൾ നടത്തുകയും മലയാള ഭാഷയെ രക്ഷിക്കുന്നതിനാവശ്യമായ

എല്ലാ സംവിധാനങ്ങളും ഉറപ്പുവരുത്തുകയും ചെയ്യുന്നതോടൊപ്പം ഈ ഭാഷാ പ്രയോഗത്തിനെതിരായി കർശന ഇടപെടലുകൾ നടത്താൻ സാധിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ദൃശ്യമാധ്യമങ്ങളുടെ കാര്യങ്ങളിൽ ഇടപെടുന്നതിൽ ഗവൺമെന്റിന് പരിമിതികളുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ദൃശ്യമാധ്യമങ്ങളിലെ പല അവതാരകരുടെയും ഭാഷകൾ സത്യത്തിൽ മലയാളത്തോട് കാണിക്കുന്ന ഒരു അവഹേളനമാണ്. അത് സമൂഹം മനസ്സിലാക്കുന്നുണ്ട്. എന്നാൽ അവരുടെ കാര്യങ്ങളിൽ ഇടപെടാനുള്ള സ്വാതന്ത്ര്യം ഗവൺമെന്റിനില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മലയാള ഭാഷ ഔദ്യോഗിക ഭാഷയാക്കാൻ തീരുമാനിച്ചതിനുശേഷം ഇതുവരെയുണ്ടായിട്ടുള്ള പുരോഗതി പരിശോധിക്കുന്നതിനുവേണ്ടി എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും തലവൻമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ഇതുവരെ എന്തൊക്കെ കാര്യങ്ങൾ ഈ വിഷയത്തിൽ ചെയ്തിട്ടുണ്ടെന്നും ഇനി എന്തൊക്കെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്നും പരിശോധിച്ച് എല്ലാ വർഷവും ഒരു വിലയിരുത്തൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഈ സഭയുടെ പതിനഞ്ചാം

സമ്മേളനത്തിലാണ് ഔദ്യോഗിക ഭാഷാ ബിൽ പാസ്സാക്കിയത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച വ്യവസ്ഥകൾ നടപ്പിലാക്കാൻ വേണ്ടി ഉദ്യോഗസ്ഥ തലത്തിൽ ആവശ്യമായ റിവ്യൂ നടത്തുന്നതാണ്. നിയമം സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. (പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസിനുതാഴെ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

## ബാല സാന്ത്വനം പദ്ധതി

* 155. ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. എ. റ്റി. ജോർജ്:

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ട്രഷറി വകുപ്പ് ക്യാൻസർ രോഗികളായ കുട്ടികൾക്ക് ബാല സാന്ത്വനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിൽ കഴിയുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പ്രതിമാസം ഒരു നിശ്ചിത തുക സ്വീകരിച്ച് ജി.ഒ. (പി) നം. 575/2014/ധന. തീയതി 23.12.2014 ഉത്തരവ് പ്രകാരം 'ബാല സാന്ത്വനം - 2014' എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിൽ കഴിയുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് നൽകുന്ന ചികിത്സ പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കാൻ വേണ്ടിയാണ് 'ബാല സാന്ത്വനം - 2014' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സംസ്ഥാന സർക്കാരിന്റെ സാമൂഹിക സുരക്ഷാ പദ്ധതികൾ പ്രകാരം നിരവധി പദ്ധതികൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. ക്യാൻസറിനുള്ള ചികിത്സ വളരെയധികം ചെലവേറിയതാണ്. അത്

ആരോഗ്യം ക്ഷയിപ്പിക്കുന്നതോടൊപ്പം കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയും തകർക്കുന്നു. അതുകൊണ്ട് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും സജീവമായ ചികിത്സയിൽ കഴിയുന്നതുമായ രോഗികളായ കുട്ടികളുടെ കുടുംബങ്ങൾക്ക് ഈ കാലയളവിൽ സാമ്പത്തിക സഹായം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ മനസ്സിലാക്കുകയും അതുപ്രകാരം 'ബാല സാന്ത്വനം' പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തി നിർദ്ധനരായ കുടുംബങ്ങൾക്ക് ചികിത്സാ കാലയളവിൽ സാമ്പത്തിക സഹായം നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. (ജി.ഒ. (പി) നം. 18/2016/ധന. തീയതി 01.02.2016). പ്രസ്തുത ഉത്തരവ് പ്രകാരം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിൽ കഴിയുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ കുടുംബം ദാരിദ്ര്യ രേഖയ്ക്കുതാഴെ വരുന്നതാണെങ്കിൽ ടി കുടുംബത്തിന് നിലവിലെ ഫണ്ടിന്റെ ലഭ്യതക്ക് വിധേയമായി വർഷത്തിൽ 5000/- രൂപ നിരക്കിൽ സഹായധനം നൽകുന്നതാണ്. ഇതിന് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സഹായധനം നൽകാനുള്ള നടപടി സ്വീകരിക്കുവാൻ ആർ.സി.സി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിൽ കഴിയുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം ഒരു നിശ്ചിത തുക സ്വീകരിച്ച്, ജി.ഒ. (പി) നം. 575/2014/ധന. തീയതി, 23.12.2014 ഉത്തരവ് പ്രകാരം 'ബാല സാന്ത്വനം -2014' എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ നോഡൽ വകുപ്പ് ധനകാര്യ (ഫണ്ട്സ്) വകുപ്പാണ്. ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽനിന്നും കുറവ് ചെയ്യുന്ന തുക നിക്ഷേപിക്കുന്നതിനായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നടപടിക്രമങ്ങളെ സംബന്ധിച്ച വിശദമായ ഉത്തരവ് ജി.ഒ. (പി) നം. 113/2015/ധന. തീയതി, 16.03.2015 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സംസ്ഥാന സർക്കാരിന്റെ സാമൂഹിക സുരക്ഷാ പദ്ധതികൾ പ്രകാരം നിരവധി പദ്ധതികൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. എന്നാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും സജീവമായ ചികിത്സയിൽ

കഴിയുന്നതുമായ രോഗികളായ കുട്ടികളുടെ കുടുംബങ്ങൾക്ക് ഈ കാലയളവിൽ സാമ്പത്തിക സഹായം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കി അതുപ്രകാരം 'ബാല സാന്ത്വനം-2014' പദ്ധതിയിലൂടെ സ്വരൂപിക്കുന്ന തുക അർഹതപ്പെട്ട കുടുംബങ്ങൾക്കുകൂടി പ്രയോജനകരമായി ഉപയോഗിക്കത്തക്കവിധം പ്രസ്തുത ഉത്തരവിന് ഭേദഗതി വരുത്തിക്കൊണ്ട് 01.02.2016-ൽ ജി.ഒ. (പി) നം. 18/2016/ധന. ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെവരുന്ന രോഗികളായ കുട്ടികളുടെ കുടുംബത്തിന് പ്രതിവർഷം 5000/- രൂപ നിരക്കിൽ സഹായധനം നൽകുന്നതാണ്. ഉത്തരവിന്റെ പകർപ്പ് ആർ.സി.സി. ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും അർഹതപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ആർ.സി.സി. ഡയറക്ടർ സാക്ഷ്യപ്പെടുത്തി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക നേരിട്ട് നിക്ഷേപിക്കുന്നതാണ്. ഇതിലേയ്ക്ക് അടിയന്തര നടപടികൾ സ്വീകരിക്കാൻ ആർ.സി.സി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. പി. സി. വിഷ്ണുനാഥിനുവേണ്ടി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, ഈ ഗവൺമെന്റിന്റെ 'വികസനവും കരുതലു'മെന്ന മുദ്രാവാക്യത്തിലെ

'കരുതൽ' എന്ന ആശയത്തിന്റെ ഏറ്റവും ശോഭയാർന്ന ഒരു പദ്ധതിയാണ് ബാല സാന്ത്വനം പദ്ധതി. നമ്മുടെ സംസ്ഥാനത്തെ 18 വയസ്സിൽ താഴെയുള്ള പാവപ്പെട്ട ക്യാൻസർ ബാധിതരായ കുട്ടികളെ സഹായിക്കുന്ന പദ്ധതിയാണിത്. ഞാൻ ഈ ഗവൺമെന്റിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇപ്പോൾ ഈ പദ്ധതിയനുസരിച്ച് ഒരു വർഷം 5000/- രൂപ വരെ മാത്രമെ കൊടുക്കാൻ കഴിയുകയുള്ളൂ. ഈ തുക വളരെ അപര്യാപ്തമാണ്. അതുകൊണ്ട് കൂടുതൽ തുക സ്വരൂപിക്കാനും 5000/- രൂപ എന്നുള്ളത് വർദ്ധിപ്പിക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഇത് ഗവൺമെന്റ് ജീവനക്കാർ അവരുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നിർദ്ദേശിച്ച മാതൃകാപരമായ ഒരു പദ്ധതിയാണ്. മാവേലിക്കര താലൂക്ക് ഓഫീസിലെ ജീവനക്കാരാണ് ഇങ്ങനെ ഒരു നിർദ്ദേശം മുന്നോട്ടുവച്ചത്. ഗവൺമെന്റ് അത് അംഗീകരിച്ചു. ഈ പദ്ധതി വിപുലീകരിക്കുന്നതിന് കൂടുതൽ പ്രയോജനം നൽകുന്നതിനുവേണ്ടി എന്തൊക്കെ ചെയ്യാമോ അതെല്ലാം ചെയ്യുന്നതാണെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പ് നൽകുകയാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, ഇപ്പോൾ ദാരിദ്ര്യരേഖയ്ക്ക്

താഴെയുള്ളവരെയും ബി.പി.എൽ.-കാരെയും മാത്രമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബി.പി.എൽ. ലിസ്റ്റിൽപ്പെടാത്ത അർഹരായ ആയിരക്കണക്കിന് കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്. അത്തരം കുടുംബങ്ങളിലെ കുട്ടികൾക്കും ഈ പദ്ധതി ബാധകമാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പദ്ധതി വിപുലീകരിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ബി.പി.എൽ. അല്ലാത്ത കുടുംബങ്ങൾക്കുകൂടി സഹായം കൊടുക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. അതുപോലെതന്നെ 5000/- രൂപ എന്ന ലിമിറ്റ് വർദ്ധിപ്പിച്ച് കൂടുതൽ തുക കൊടുക്കണമെന്നും ആഗ്രഹമുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

(സീറ്റിലില്ലാതിരുന്നതിനാൽ ശ്രീ. ഹൈബി ഈഡൻ, ശ്രീ. എ.റ്റി. ജോർജ്, ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എന്നീ അംഗങ്ങൾ ഉപചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. ടി. എൻ. പ്രതാപൻ: സർ, വളരെ മാതൃകാപരമായ ഒരു പദ്ധതിയാണ് ബാല സാന്ത്വനം പദ്ധതി. നമ്മുടെ സമൂഹത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. പ്രത്യേകിച്ച് കുട്ടികൾ ഉൾപ്പെടെയുള്ള ക്യാൻസർ രോഗികൾ ഇന്ന് വളരെ കൂടുതലാണ്. ഈ മാതൃകാപരമായ പദ്ധതി റീജിയണൽ ക്യാൻസർ

സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ചികിത്സയ്ക്കുവരുന്ന നിരവധി കുട്ടികളുണ്ട്. ആ കുട്ടികൾക്കുകൂടി ഇത് ബാധകമാക്കുന്നതിന് ശ്രമിക്കുമോ? ഇതിനാവശ്യമായ ഫണ്ട് കണ്ടെത്താൻ സഹായിക്കുന്നതിന് പൊതുസമൂഹം തയ്യാറാണ്. ഇതിനാവശ്യമായ പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കോ ഇതിനുവേണ്ടി മാത്രം രൂപീകരിച്ച പ്രത്യേക ഹെഡ്ഡിലേക്കോ ആവശ്യപ്പെട്ടാൽ തരാൻ തയ്യാറുള്ള വിദേശമലയാളികൾ ഉൾപ്പെടെയുള്ള സാമൂഹ്യതല്പരരായ, സുമനസ്സുകളായ നിരവധി ആളുകളുണ്ട്. അതുകൊണ്ട് മാതൃകാപരമായ ഈ പദ്ധതിയുടെ തുക വർദ്ധിപ്പിക്കാനും അതോടൊപ്പം മെഡിക്കൽ കോളേജുകളിലേക്കുകൂടി ഈ പദ്ധതി വ്യാപിപ്പിക്കാനും പ്രത്യേകമായ താല്പര്യമെടുക്കുമോ; അതിനാവശ്യമായ പണം കണ്ടെത്തുന്നതിന് പൊതുസമൂഹത്തോട് അഭ്യർത്ഥന നടത്തുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശങ്ങളൊക്കെ വളരെ പരിഗണനാർഹമാണ്. ഗവൺമെന്റ് നിശ്ചയമായും അതിന് നടപടി സ്വീകരിക്കും. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത് വ്യാപകമാക്കാൻവേണ്ട നടപടികളാണ് സ്വീകരിക്കുന്നത്. ഒരു കമ്പൽസറി പിരിവ്

എന്നുള്ള നിലയിലല്ല, സ്വയം തയ്യാറായി മുന്നോട്ടുവരുന്നവരുടെ സഹായസന്നദ്ധത പൂർണ്ണമായി പ്രയോജനപ്പെടുത്തും. ഇത് ഒരു മാതൃകാപരമായ പരിപാടിയാണ്. ഇത് വിപുലീകരിക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. വർക്കല കഹാർ: സർ, ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന വികസനവും കരുതലും പദ്ധതിയിൽ ഏറ്റവും ചൂണ്ടിക്കാണിക്കപ്പെടേണ്ട ഒന്നാണ് ഈ പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഇതിന് തയ്യാറുള്ള മറ്റുള്ള ആളുകൾ XXX[X] എം.എൽ.എ. എന്ന നിലയിലുള്ള ഞങ്ങളുടെ ശമ്പളവും തന്നാൽ ഈ പദ്ധതിക്കുവേണ്ടി സ്വീകരിക്കാൻ പറ്റുമോ; അതുപോലെ മറ്റു വകുപ്പുകളിലെയും ഉദ്യോഗസ്ഥന്മാർ ഈ മാതൃക പിന്തുടരുന്നതിന് ആവശ്യമായ പ്രചരണം നടത്തുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ പദ്ധതി വിപുലീകരിക്കാൻ എന്ത് നടപടികൾ വേണമെങ്കിലും സ്വീകരിക്കാം. എന്നാൽ ഇതിലേയ്ക്ക് കമ്പൽസറിയായി സംഭാവന പിരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. പദ്ധതിയോട് സഹകരിക്കുന്ന എല്ലാവരുടെയും സഹായം പ്രയോജനപ്പെടുത്തും.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, ചികിത്സാരംഗത്ത് ധനസഹായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് ഇൻഡ്യയിലെ മറ്റ് സംസ്ഥാന ഗവൺമെന്റുകൾക്ക് ഒരു മാതൃകയാണ്. കാരുണ്യ ധനസഹായ പദ്ധതി

X ബഹു. സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

വഴിയും മുഖ്യമന്ത്രിയുടെ ചികിത്സാധനസഹായ പദ്ധതി വഴിയും ഒട്ടേറെ കാര്യങ്ങൾ ഈ സർക്കാർ ചെയ്യുന്നുണ്ട്. ഏറ്റവും മാതൃകാപരമായ ബാല സാന്ത്വനം പദ്ധതി ആർ.സി.സി.യിൽ ചികിത്സയ്ക്ക് വരുന്നവർക്കുവേണ്ടി മാത്രമുള്ളതാണ്. മെഡിക്കൽ കോളേജുകളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നേരത്തെ ഇവിടെ പലരും സൂചിപ്പിച്ചു. ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം, കേരളത്തിലെ പ്രശസ്തരായ പല ഡോക്ടർമാരും പ്രൈവറ്റ് ഹോസ്പിറ്റലുകളിലാണ് ജോലി ചെയ്യുന്നത്. അവരെ കാണുവാൻ രോഗികൾക്ക് വളരെ താല്പര്യമുണ്ട്. എന്നാൽ ട്രീറ്റ്മെന്റിനുവേണ്ടി അവിടെ പോകുന്ന ആളുകൾക്ക് കാര്യമായ ധനസഹായ പദ്ധതികൾ ഇപ്പോഴില്ല. അവർക്ക് ആകെയുള്ളത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് കിട്ടുന്ന തുക മാത്രമാണ്. അതുകൊണ്ട് ക്യാൻസർ ചികിത്സാ പദ്ധതിക്ക് മാത്രമായി ഒരു ഫണ്ട് രൂപീകരിക്കത്തക്ക രീതിയിൽ ഒരു ബൃഹത്തായ പദ്ധതി, ബാല സാന്ത്വനം പദ്ധതിയോട് ബന്ധപ്പെടുത്തി ചെയ്യുവാനും ഏത് ഹോസ്പിറ്റലിൽ ട്രീറ്റുമെന്റിന് പോയാലും അവർക്ക് ഇതിന്റെ സഹായം കിട്ടത്തക്കരീതിയിൽ ഇത് പുനരാവിഷ്കരിക്കാനും സാധിക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, സമൂഹത്തിൽ ക്യാൻസർ രോഗ ചികിത്സയ്ക്കാണ്

ഏറ്റവും കൂടുതൽ ചെലവ് വരുന്നതും അവരുടെ കുടുംബങ്ങൾക്ക് ഏറ്റവും പ്രയാസമുണ്ടാക്കുന്നതും. അതുകൊണ്ട് ക്യാൻസർ ചികിത്സയ്ക്ക് പരമാവധി സഹായങ്ങൾ കൊടുക്കാൻ ശ്രമിക്കും. നിലവിൽ കാരുണ്യ പദ്ധതി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി തുടങ്ങിയ ധനസഹായ പദ്ധതികളുണ്ട്. 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ സൗജന്യ ചികിത്സ ഉറപ്പു വരുത്തുന്നുണ്ട്. ഇതൊന്നും മതിയാകില്ല എന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്. അതുകൊണ്ട് ഇനിയും എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കും. അതനുസരിച്ച് ആവശ്യമായ സഹായങ്ങൾ ക്യാൻസർ രോഗികൾക്ക് നല്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് അറിയിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ക്യാൻസർ ബാധിതരായ നിഷ്കളങ്കരായ പിഞ്ചുപൈതങ്ങൾ ഈ പ്രതിപക്ഷത്തോട് എന്തു കുറ്റമാണ് ചെയ്തിട്ടുള്ളത്? ഇത്രയും ക്രൂരത വേണമോയെന്ന് അവർ ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് കാണുമ്പോൾ പാവപ്പെട്ട ഷുക്കൂറിനെ ഇവർ കൊന്നതിൽ എനിക്ക് ഒരത്ഭുതവും തോന്നുന്നില്ല.

ബാല സാന്ത്വനം പദ്ധതി 18 വയസ്സിന് താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും സംബന്ധിച്ചിടത്തോളം വലിയ

റിലീഫാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, എന്റെ മണ്ഡലത്തിൽ 6 മാസം മാത്രം പ്രായമുള്ള ഒരു കുട്ടി ഇപ്പോൾ ആർ.സി.സി.യിൽ ചികിത്സയിലാണ്. കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേയ്ക്ക് ആ കുട്ടിയേയും കൊണ്ട് വരുമ്പോഴുള്ള പ്രയാസം നമുക്ക് ചിന്തിക്കാവുന്നതേയുള്ളൂ. കാസർഗോഡ് ഇതിനൊരു സംവിധാനമില്ലാത്തതുകൊണ്ടാണ് ഈ പ്രയാസം സഹിക്കേണ്ടി വരുന്നത്. കാരുണ്യ ബെനവലന്റ് സ്കീമിൽ മംഗലാപുരത്തെ ആശുപത്രിയെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളത് ഞങ്ങളൊക്കെ വളരെക്കാലമായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന് അനുകൂലമായ ഒരു നിലപാട് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന് അറിയാം. അവിടെയുള്ള രോഗികളുടെ ബുദ്ധിമുട്ട് മനസ്സിലാക്കുന്നു. അതുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ വടക്കൻ കേരളത്തിലും ലഭ്യമാക്കാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യം

പ്രത്യേകമായി ശ്രദ്ധിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഈ പദ്ധതിയിൽ ക്യാൻസർ പേഷ്യന്റായ കുട്ടികൾക്കാണ് ചികിത്സ നല്കുന്നത്. ഇപ്പോൾ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് ഷുഗർ വരുന്ന (പീഡിയാട്രിക് ഡയബറ്റിസ്) ഒരു സാഹചര്യമുണ്ട്. അത് മാരകമായി മാറി അവസാനം വലിയ വിപത്തിലേക്ക് പോകുന്നത് വളരെ ഗുരുതരമായ ഒരു പ്രശ്നം തന്നെയാണ്. അങ്ങനെയുള്ള കുട്ടികൾക്കും ചികിത്സ കൊടുക്കുന്നതിനുവേണ്ടി ഈ സ്കീമിൽ അവരെയുംകൂടി ഉൾപ്പെടുത്താനുള്ള സാഹചര്യം ഉണ്ടാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് വളരെ ഗൗരവതരമായ കാര്യമാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. ഈ സ്കീമിൽ അവരെ ഉൾപ്പെടുത്തേണ്ട കാര്യമില്ല. കാരണം ഗവൺമെന്റ് പ്രത്യേകമായ സഹായ പദ്ധതികൾ അവർക്കുവേണ്ടി ആവിഷ്കരിച്ചിട്ടുണ്ട്. ഈ ബഡ്ജറ്റിൽത്തന്നെ ഇങ്ങനെയുള്ള കുട്ടികൾക്ക് ഇൻസുലിൻ പമ്പ് കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു പരിപാടി കൊണ്ടുവന്നിട്ടുണ്ട്. കാരുണ്യ പദ്ധതിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇവർക്ക് സഹായം ലഭിക്കും. കുട്ടികളിൽ പുതുതായി കണ്ടുവരുന്ന, സ്ഥിരമായി ചികിത്സ ആവശ്യമായ രോഗങ്ങൾക്ക്

ഗവൺമെന്റ് സഹായം ചെയ്യുമെന്ന് ഞാൻ ഉറപ്പ് പറയുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, 'Prevention is better than cure' എന്നത് എല്ലാവർക്കും അറിയാവുന്ന ഒരു പദപ്രയോഗമാണ്. ക്യാൻസർ ബാധിച്ച 18 വയസിന് താഴെയുള്ള കുട്ടികളെ ചികിത്സിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ ബാല സാന്ത്വനം പദ്ധതി വളരെ അഭിനന്ദനാർഹമായ ഒരു പരിപാടിയാണ്. എങ്കിലും രോഗം വന്നതിനുശേഷം ചികിത്സിക്കുവാനുള്ള സഹായം നൽകുക, അതിനാവശ്യമായിട്ടുള്ള സംവിധാനങ്ങൾ ഒരുക്കുക എന്നീ കാര്യങ്ങളിലാണ് ഗവൺമെന്റുകൾ എപ്പോഴും ഏർപ്പെട്ടുവരുന്നത്. എന്നാൽ 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് അർബുദരോഗം ഉണ്ടോ ഇല്ലയോ എന്ന് നിർണ്ണയിക്കുന്നതിനുവേണ്ടിയുള്ള ക്യാമ്പുകൾ ജില്ലകൾതോറും നടത്തുകയും അർബുദം വരാനുള്ള സാധ്യതകളെക്കുറിച്ച് ബോധവത്ക്കരണം നടത്തുകയും, പ്രധാനമായും ആഹാരശീലം, ലൈഫ്സ്റ്റൈൽ എന്നിവ എങ്ങനെയായിരിക്കണമെന്ന് സാധ്യമാകുന്നത്ര എല്ലാ കുടുംബങ്ങളേയും കുട്ടികളേയും രക്ഷിതാക്കളേയും ബോധ്യപ്പെടുത്തുന്നതിനും സമൂഹത്തെ പൊതുവായി ആ വിഷയത്തിലേയ്ക്ക് ശ്രദ്ധപതിപ്പിക്കുന്നതിനും

ആവശ്യമായിട്ടുള്ള നടപടികൾ ഇതുവരെ എടുത്തുപറയത്തക്ക രീതിയിൽ നമ്മുടെ രാജ്യത്ത് എവിടെയും നടക്കുന്നില്ല. അതുകൊണ്ട് ആഹാരശീലം ഏതാണ് നല്ലത്; അർബുദരോഗം തടയുവാനുള്ള മാർഗ്ഗമെന്താണ്; എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു ബോധവത്ക്കരണ പദ്ധതികൂടി ബാല സാന്ത്വനം പരിപാടിയുടെ അജണ്ടയിൽ ഉൾപ്പെടുത്തുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, രോഗം വന്ന് ചികിത്സിക്കുന്നതിനു പകരം രോഗം വരാതിരിക്കാനുള്ള മുൻകരുതലുകളെടുക്കണം എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ്. പക്ഷെ ക്യാൻസറിനെ സംബന്ധിച്ചുള്ള ഗവേഷണങ്ങൾ വർഷങ്ങളായി നടക്കുന്നുണ്ടെങ്കിലും അതിന്റെ പൂർണ്ണമായ ഒരു കാരണം കണ്ടെത്താൻ ഇതുവരെ സാധിച്ചിട്ടില്ല. എങ്കിലും പുകയില ഉപയോഗം കുറയ്ക്കുക, ഭക്ഷ്യ ജീവിത ശൈലി - ഭക്ഷണ രീതികളിൽ മിതത്വം പാലിക്കുക എന്നിങ്ങനെയുള്ള പൊതുവായ ചില നിർദ്ദേശങ്ങളുണ്ട്. അത് നമ്മൾ പ്രചരിപ്പിക്കുന്നുണ്ട്. ഏതായാലും ചികിത്സ ആവശ്യമായിട്ടുവരുന്നവർക്ക് സഹായം എത്തിച്ചുകൊടുക്കുക എന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. അത് ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഒട്ടേറെ ജീവകാരുണ്യ പദ്ധതികൾ നടപ്പിലാക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ബാല സാന്ത്വനം പദ്ധതി ഏറ്റവും മാതൃകാപരമായിട്ടുള്ള ഒരു പദ്ധതിയാണ്. രോഗികളായിട്ടുള്ള കുട്ടികളുടെ എണ്ണം കൂടിവരുന്ന ഒരു കാലമാണിത്. ഭക്ഷണത്തിലുണ്ടാകുന്ന മാറ്റംമൂലം ജീവിതശൈലീ രോഗങ്ങളും ക്രമാതീതമായി വളർന്നുവരികയാണ്. രോഗം വരുന്നതുമൂലം ആ കുടുംബത്തിലെ മാതാപിതാക്കളുൾപ്പെടെ എല്ലാവരും വളരെയധികം പ്രയാസപ്പെടുകയാണ്. സാമ്പത്തികശേഷിയുള്ളവരും ഇല്ലാത്തവരും ഒരുപോലെ ഈ രോഗംമൂലം ബുദ്ധിമുട്ടുന്നത് കാണാൻ നമുക്ക് അവസരമുണ്ടായിട്ടുണ്ട്. ബാല സാന്ത്വനം പദ്ധതി നിരവധിപേർക്ക് ഗുണം കിട്ടുന്ന രീതിയിലേയ്ക്ക് വ്യാപിപ്പിക്കാനും എല്ലാവിഭാഗം ആളുകൾക്കും ഇതിന്റെ ആനുകൂല്യം ലഭ്യമാക്കാനും കഴിയുന്ന ഒരു സാഹചര്യം ഉണ്ടാക്കുന്നത് നന്നായിരിക്കും. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ നിർദ്ദേശം പ്രത്യേകം പരിഗണിക്കും. ക്യാൻസർ രോഗം വന്ന കുടുംബത്തിലുള്ളവർ മാനസികമായും സാമ്പത്തികമായുമൊക്കെ തകരും. ആ അവസരത്തിൽ നമുക്ക് എന്തൊക്കെ ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യാൻ

ശ്രമിക്കും.

ശ്രീ. കെ. എം. ഷാജി: സർ, രോഗം വന്നതിനുശേഷമുള്ള ചികിത്സയെക്കാൾ രോഗം വരാതിരിക്കാനുള്ള മുൻകരുതലെടുക്കണമെന്ന പ്രയോഗം നേരത്തെ ശ്രീ. കെ. എൻ. എ. ഖാദർ പറയുകയുണ്ടായി. പ്രത്യേകിച്ചും നമ്മുടെ കുട്ടികളിൽ ഭക്ഷ്യസംസ്കാരത്തെപ്പോലെ പ്രധാനപ്പെട്ടതാണ് വ്യായാമവും. കുട്ടികളിൽ ഇതിന്റെ ഒരു അവബോധം സൃഷ്ടിച്ചാൽ രോഗപ്രതിരോധശേഷി വർദ്ധിക്കും. ഇന്ത്യ ഒട്ടാകെ എടുത്തുനോക്കിയാൽ കേരളം വാർദ്ധക്യം ബാധിച്ചവരുടെ ഒരു നാടായി മാറുകയാണ്. മറ്റൊരു ഗുണപരമായ വശമെന്ന് പറയുന്നത് ആരോഗ്യ പരിരക്ഷയുടെ കാര്യത്തിൽ നമ്മൾ വളരെ മുൻപന്തിയിലാണ്, ചികിത്സാ സംവിധാനങ്ങൾ കിടയറ്റതാണ്, എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നു, ഒരുപാട് ആശുപത്രികൾ വരുന്നു തുടങ്ങിയ ധാരാളം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. പക്ഷേ നമ്മുടെ ഭക്ഷ്യസംസ്കാരവും നമ്മുടെ രീതിയും വളരെ മോശപ്പെട്ടതാണ്. പ്രത്യേകിച്ച് വിഷാംശമില്ലാത്ത ഭക്ഷണം കഴിക്കാൻ ഓരോ വീട്ടുകാരും ജാഗ്രത പാലിക്കേണ്ടതുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് അതിന്റെ പ്രികാഷനെന്ന് പറയുന്നതും വളരെ

പ്രധാനപ്പെട്ടതാണ്. ഇതിനെ നമ്മുടെ കുട്ടികളുടെ പാഠപുസ്തകങ്ങളിൽ സിലബസ്സായിത്തന്നെ ഉൾപ്പെടുത്തി കുട്ടികളിൽ ഒരു ജാഗ്രത ഉണ്ടാക്കിയിട്ടില്ലെങ്കിൽ നാട്ടിൽ ഇത്തരം മാരകമായ രോഗങ്ങൾ ഭാവിയിൽ അതിരൂക്ഷമായി വരികയും അതുപോലെതന്നെ നമ്മുടെ ഗവൺമെന്റുകൾക്ക് ഇത്തരത്തിൽ കൂടുതൽ ബാധ്യതകൾ വരുത്തുകയും ചെയ്യും. അതുകൊണ്ട് രോഗം വന്നതിനുശേഷം നടത്തുന്ന ചികിത്സയെക്കാൾ വളരെ പ്രധാനപ്പെട്ടതാണ് രോഗം വരാതിരിക്കാനുള്ള ധാരണയുണ്ടാക്കുക എന്നുള്ളത്. അതുകൊണ്ട് അതൊരു സിലബസ് പോലെതന്നെ നമ്മുടെ കുട്ടികളിൽ കൊണ്ടുവരാൻ ശ്രമം നടത്തുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, രോഗം വരാതിരിക്കാൻ ശ്രദ്ധിക്കണമെന്നുള്ള അഭിപ്രായം ഏറ്റവും നല്ല നിർദ്ദേശംതന്നെയാണ്. സന്തോഷകരമായ ഒരു കാര്യം നമ്മുടെ പച്ചക്കറി ഉല്പാദനത്തിൽ വന്നിട്ടുള്ള വർദ്ധനവാണ്. ശക്തികൂടിയ കീടനാശിനിയും കൃത്രിമങ്ങളായ രാസവളങ്ങളുമൊക്കെ ഉപയോഗിക്കുന്ന പച്ചക്കറി ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യം നമുക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഏതായാലും ഇതുസംബന്ധിച്ചിട്ടുള്ള ബോധവത്ക്കരണത്തിലൂടെ ഇവിടുത്തെ സാധാരണ കുടുംബങ്ങളിലെല്ലാം

സ്വന്തമായി എവിടെയെല്ലാം പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിയുമോ അവിടെയെല്ലാം ഉല്പാദിപ്പിക്കണം എന്നുള്ള ഒരു ചിന്താഗതി ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ നാല് കൊല്ലംകൊണ്ട് നമ്മുടെ പച്ചക്കറി ഉല്പാദനം ഇരട്ടിയായിട്ടുണ്ട്. അടുത്ത രണ്ട് വർഷം കൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ നമ്മൾ സ്വയം പര്യാപ്തത നേടുംമെന്ന കാര്യത്തിൽ സംശയമില്ല. നിശ്ചയമായും രാസവളങ്ങൾ ഉപയോഗിച്ചിട്ടുള്ള പച്ചക്കറികൾ ഉപയോഗിക്കുന്നതിൽനിന്ന് നമുക്കൊരു മോചനംകിട്ടും. അതൊരു വലിയ കാര്യമായാണ് ഗവൺമെന്റ് കാണുന്നത്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാൻവേണ്ടി ഗവൺമെന്റ് എല്ലാവിധ പ്രോത്സാഹനവും നൽകാൻ ശ്രമിക്കുന്നുണ്ട്. രോഗം വരാതിരിക്കാൻ വേണ്ടിയിട്ടുള്ള ബോധവത്ക്കരണവും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതാണ്.

ചീഫ് വിപ്പ് (<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>): സർ, ബാല സാന്ത്വനം എന്നുള്ള ഈ പദ്ധതി അങ്ങേയറ്റം മാതൃകാപരവും അനുകരണീയവുമാണ്. രോഗികളെ സഹായിക്കുന്നതിനുവേണ്ടി ഇതുപോലുള്ള ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി

അഭിനന്ദിക്കുകയാണ്. ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള സമീപനം ലോകത്തിനുതന്നെ മാതൃകയാണ്. ക്യാൻസർ രോഗം വളരെ വേഗതയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു വൻദുരന്തമാണ്. കേരളത്തിന്റെ മുക്കിലും മൂലയിലുമൊക്കെ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. എന്റെ നിയോജക മണ്ഡലത്തിലെ ഒരു വാർഡിൽ സർവ്വേ നടത്തിയപ്പോൾ ആ വാർഡിലെ 56 പേർ ക്യാൻസർ രോഗികളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ക്യാൻസർ എന്ന രോഗം, രോഗികളെ മാനസികമായി വേദനിപ്പിക്കുന്നതോടൊപ്പം തന്നെ ആ കുടുംബത്തെക്കൂടി വേദനിപ്പിക്കുകയാണ്. ക്യാൻസർ വന്നുകഴിഞ്ഞാൽ പ്രത്യേകിച്ച് അത് മൂർദ്ധന്യാവസ്ഥയിലേയ്ക്ക് എത്തിയാൽ മരിക്കാൻ പോകുന്നൊരാൾ എന്ന നിലയിലാണ് സമൂഹം അവരെ കാണുന്നത്. അതുകൊണ്ട് ആ കുടുംബവും രോഗിയും തകരുകയാണ്. നമ്മുടെ സംസ്ഥാനത്ത് അതിവേഗത്തിൽ ക്യാൻസർ വളർന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ടുതന്നെ

നമ്മുടെ ഗവൺമെന്റ് കുറച്ച് നാളുകൾക്കുമുമ്പ് ക്യാൻസർ രോഗത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ പ്രഖ്യാപിക്കുകയുണ്ടായി. ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രിയാണ് ആ വിദഗ്ദ്ധ ടീമിനെ ഇവിടെ പ്രഖ്യാപിച്ചത്. 5 പേരാണ് ആ സമിതിയിൽ ഉണ്ടായിരുന്നത്. എന്തുകൊണ്ടാണ് ക്യാൻസർ രോഗം വരുന്നത് എന്ന് കണ്ടുപിടിച്ച് റിപ്പോർട്ട് കൊടുക്കാൻ വേണ്ടിയിട്ടാണ് ആ സമിതിയെ രൂപീകരിച്ചത്. അതിന്റെ പ്രവർത്തനം എന്തായി എന്ന് അറിയണമെന്ന് ആഗ്രഹമുണ്ട്. അതോടൊപ്പം ക്യാൻസർ രോഗം തുടക്കത്തിൽ കണ്ടുപിടിച്ചാൽ അത് ഭേദപ്പെടുത്താൻ കഴിയും. ക്യാൻസർ തുടക്കത്തിലുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിന് നമ്മുടെ സംസ്ഥാനത്ത് ആവശ്യമായ നടപടികൾ ഇപ്പോൾ കാര്യമായി സ്വീകരിച്ചിട്ടില്ല. പല സംഘടനകളും അത് നടത്തുന്നുണ്ട്. ഞാൻ ചെയർമാനായ 'നീഡ്സ്' എന്ന സംഘടനയും ക്യാമ്പുകൾ നടത്തുന്നുണ്ട്. ഇതുപോലുള്ള ക്യാമ്പുകൾ നടത്തുവാനും വിദഗ്ധരായ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുവാനും അതുപോലെ ക്യാൻസർ രോഗത്തിന്റെ കാരണം

കണ്ടുപിടിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടായിട്ടുണ്ടോ എന്നും അങ്ങ് മറുപടി നൽകുമോ; ഇല്ലെങ്കിൽ വളരെ വേഗതയിൽ ഇക്കാര്യത്തിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. അങ്ങ് സ്വീകരിച്ചിട്ടുള്ള എല്ലാ നടപടികളും അങ്ങേയറ്റം അഭിനന്ദനാർഹമാണ്. അതിനെ അഭിനന്ദിച്ചുകൊണ്ടുതന്നെ ഇത്തരത്തിലുള്ള കാര്യങ്ങൾക്ക് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബാല സാന്ത്വനം പരിപാടി ആവിഷ്ക്കരിച്ചതിന് അഭിനന്ദനം കൊടുക്കേണ്ടത് കെ. എം. മാണി സാറിനാണ്. കാരുണ്യ പദ്ധതിക്കുശേഷം അദ്ദേഹം രൂപം കൊടുത്ത ഒരു പദ്ധതിയാണിത്. അതിന് എല്ലാ വിധ അഭിനന്ദനവും അദ്ദേഹം അർഹിക്കുന്നുണ്ട്. ക്യാൻസർ രോഗം നേരത്തെ കണ്ടുപിടിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഹെൽത്ത് ഡിപ്പാർട്ടുമെന്റാണ് പ്രസ്തുത കമ്മിറ്റിക്ക് മേൽനോട്ടം വഹിക്കുന്നത്. അത് സംബന്ധിച്ച് ആരോഗ്യവകുപ്പു മന്ത്രി മറുപടി പറയും. പ്രാരംഭദശയിൽ തന്നെ ക്യാൻസർ രോഗം കണ്ടുപിടിക്കൽ (Early Detection) എന്ന അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുകയാണ്. വ്യാപകമായിട്ടുള്ള ശ്രമങ്ങൾ അതിനുവേണ്ടി നടത്തിയേ മതിയാകൂ. അങ്ങനെ

നേരത്തെ കണ്ടെത്തിയ രോഗങ്ങൾക്ക് പലപ്പോഴും ചികിത്സ ഫലപ്രദമായി വരുന്നുണ്ട്. പല രോഗങ്ങളും അവസാന സ്റ്റേജിൽ വരുമ്പോഴാണ് കോംപ്ലിക്കേറ്റഡ് ആകുന്നത്. അതുകൊണ്ട് ഇതുകണ്ടുപിടിക്കുന്നതിനുവേണ്ട ശ്രമങ്ങൾ ശക്തിപ്പെടുത്തി മുന്നോട്ടുപോകണം എന്നുപറയുന്നതിനോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. ആരോഗ്യ വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട് മറുപടി പറയും.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ക്യാൻസർ ചികിത്സാ രംഗത്ത് ഇന്ത്യയ്ക്ക് മാതൃകയായ സുകൃതം പദ്ധതിപോലുള്ള ധാരാളം പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നുണ്ട്. ഇന്ന് കേരളത്തിൽ 35 ലക്ഷത്തോളം വരുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് ക്യാൻസർ ചികിത്സാ സൗജന്യമാണ്. കഴിഞ്ഞ ഫെബ്രുവരി നാലിന് 'വേൾഡ് ക്യാൻസർ ഡേ'-യോടനുബന്ധിച്ച് കേരളത്തിലെ മൂന്നുലക്ഷം രൂപവരെ വരുമാനമുള്ള ആളുകൾക്കും ക്യാൻസർ ചികിത്സ സൗജന്യമായി മലബാർ ക്യാൻസർ സെന്റർ, തിരുവനന്തപുരം ആർ.സി.സി., അഞ്ചു മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി തുടങ്ങിയ എട്ട് ഇൻസ്റ്റിറ്റ്യൂഷൻ വഴി നൽകുന്നുണ്ട്. എല്ലാ ജില്ലാ മെഡിക്കൽ ആശുപത്രികളിലും തുടർ ചികിത്സയ്ക്കുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, ക്യാൻസർ പ്രാഥമിക ദശയിൽ കണ്ടെത്തി

ചികിത്സിച്ചാൽ പരിപൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്നൊരു സാഹചര്യം നിലനിൽക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ വിവിധ തരത്തിലുള്ള ക്യാൻസർ രോഗങ്ങൾ വരുന്നുണ്ട്. ക്യാൻസർ രോഗം വരുന്നത് നമ്മുടെ ജീവിത ശൈലി കൊണ്ടാണെന്ന് പൊതുവായി പറയുന്നുണ്ടെങ്കിലും, കേരളത്തിലെ ഓരോ പ്രദേശത്തും ക്യാൻസർ രോഗം എന്തുകൊണ്ട് വരുന്നുവെന്നുള്ളതിനെക്കുറിച്ച് പരിശോധിച്ച് പഠിക്കുവാനും, കേരളത്തിലെ ക്യാൻസർ രോഗികളുടെ എണ്ണം സംബന്ധിച്ച ഒരു രജിസ്ട്രി തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ബഹുമാനപ്പെട്ട വി. എസ്. സുനിൽകുമാർ ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു. തിരുവനന്തപുരം ആർ.സി.സി. ഡയറക്ടർ കൺവീനർ ആയി, ഡോ. ഗംഗാധരൻ ഉൾപ്പെടെ ക്യാൻസർ മേഖലയിലെ പ്രഗത്ഭരായിട്ടുള്ള വിദഗ്ദ്ധരുടെ ഒരു സമിതി നിയോഗിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പലപ്രാവശ്യം മീറ്റിംഗുകൾ കൂടിയതിനുശേഷം രജിസ്ട്രി തയ്യാറാക്കുന്നതിന്റെ ആദ്യ ഘട്ടമെന്നുള്ള നിലയിൽ, കേരളത്തിലെ അഞ്ചു മെഡിക്കൽ കോളേജുകളിൽ ക്യാൻസർ രോഗികളുടെ കണക്കെടുക്കുന്ന നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അതോടൊപ്പം തന്നെ ഈ സമിതി വളരെ വ്യക്തമായി കേരളത്തിൽ ക്യാൻസർ രോഗം വർദ്ധിക്കുന്നതിന്റെ

കാരണങ്ങളെക്കുറിച്ച് പഠിക്കുന്നതിലേയ്ക്കുവേണ്ട നടപടികളുമായി മുന്നോട്ടുപോകുകയാണ്. കേരളത്തിൽ ക്യാൻസർ രോഗത്തിന്റെ ചികിത്സയ്ക്ക് ഇത്രയധികം പ്രാധാന്യം കൊടുത്ത ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. ഇപ്പോൾത്തന്നെ എല്ലാ മെഡിക്കൽ കോളേജുകളും മിനി ആർ.സി.സി. കളാക്കി മാറ്റിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും ലീനിയർ ആക്സിലേറ്ററുകൾ ഇല്ലായിരുന്നു. ഈ ബഡ്ജറ്റിൽ അതിലേയ്ക്കുവേണ്ട നടപടികൾ സ്വീകരിച്ചു. കേരളത്തിൽ പാവപ്പെട്ട ആളുകൾക്ക് ക്യാൻസർ ചികിത്സ സൗജന്യമാണ്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു പദ്ധതിയില്ല. കോടി കണക്കിന് രൂപ അതിന് ഇൻവെസ്റ്റ് ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ ഇന്ത്യയ്ക്കു മാതൃകയായ ആരോഗ്യകിരണം പദ്ധതിയിലൂടെ കേരളത്തിൽ 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഏത് രോഗം വന്നാലും, എത്ര കോടി രൂപ ചെലവുണ്ടെങ്കിലും സൗജന്യമായ ചികിത്സയാണ് നൽകുന്നത്. ഈ ബഡ്ജറ്റിൽ 32 കോടി രൂപ ആരോഗ്യകിരണം പദ്ധതിക്കുവേണ്ടി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ഇപ്പോൾ തന്നെ 20 കോടി രൂപ അതിലേയ്ക്കുവേണ്ടി മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യകിരണം പദ്ധതിയിലൂടെ എ.പി.എൽ, ബി.പി.എൽ. വ്യത്യാസമില്ലാതെ കേരളത്തിലെ പാവപ്പെട്ട എല്ലാ

കുട്ടികൾക്കും ക്യാൻസർ ചികിത്സ സൗജന്യമായാണ് നൽകുന്നത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, കേരളത്തിലെ ആശുപത്രികളിൽ സൗജന്യമായി നൽകുന്ന 585 ഐറ്റം മരുന്നുകളിൽ 69 ഐറ്റം മരുന്നുകളും ക്യാൻസർ ചികിത്സയ്ക്കുള്ളതാണ്. രജിസ്ട്രി രൂപീകരിക്കുകയെന്നുള്ളതു തന്നെയാണ് പ്രധാനപ്പെട്ട കാര്യം. രജിസ്റ്ററി രൂപീകരിച്ചു കഴിഞ്ഞാൽ, എന്തുകൊണ്ട് ക്യാൻസർ രോഗം വരുന്നുവെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കുന്നതിനുവേണ്ട സമഗ്രമായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. അതിന്റെ പ്രവർത്തനവുമായി ആർ.സി.സി. ഡയറക്ടർ കൺവീനറായിട്ടുള്ള കമ്മിറ്റി വളരെ നല്ല രീതിയിൽ തന്നെ മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഇവിടെ രോഗം വന്നതിനുശേഷമുള്ള പരിഹാരമാർഗ്ഗങ്ങളെയും ചികിത്സയെയും സംബന്ധിച്ച് കാര്യമായിട്ടുള്ള ചർച്ചകൾ നടക്കുന്നുണ്ട്. ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഇനീഷ്യേറ്റീവാണ് ജൈവപച്ചക്കറി കൃഷി ഉൾപ്പെടെയുള്ള കാര്യങ്ങൾ. കുരുന്നുകളുടെ വായിലേയ്ക്ക് സ്വന്തം അമ്മ വച്ചുകൊടുക്കുന്നത് വിഷലിപ്തമായ ഭക്ഷണമാണെങ്കിൽ ചെറിയ പ്രായത്തിൽത്തന്നെ അവർക്ക് രോഗം പിടിപെടാനുള്ള സാധ്യതകൾ കൂടുതലാണ്. ഈ അടുത്ത കാലത്ത് നടൻ ശ്രീനിവാസൻ സൂചിപ്പിച്ചതുപോലെ, രോഗം മാറ്റുന്നതിന് 500 കോടി രൂപ ചെലവഴിക്കേണ്ടി വരുന്നു. രോഗം

വരാതിരിക്കുന്നതിനുവേണ്ടി, വിഷരഹിതമായ പച്ചക്കറിയും ഭക്ഷണ പദാർത്ഥങ്ങളും കുട്ടികൾക്കെങ്കിലും കൊടുക്കാനായി ഗവൺമെന്റ് ചെലവഴിക്കുന്ന പണം വർദ്ധിപ്പിക്കുമോ; അതിനുവേണ്ടി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വ്യാപ്തി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇവിടെ വിഷരഹിതമായ പച്ചക്കറികൾ പൂർണ്ണമായും ലഭ്യമാക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, അക്കാര്യത്തിൽ നല്ല പ്രോഗ്രസ് ഉണ്ടായിട്ടുണ്ട്. രണ്ടുവർഷത്തിനുള്ളിൽ നമുക്ക് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്താൻ സാധിക്കും. അപ്പോൾ വിഷമുള്ള പച്ചക്കറികൾ കഴിക്കേണ്ടി വരുന്ന സാഹചര്യം നമുക്ക് ഒഴിവാക്കാൻ സാധിക്കും. നമ്മുടെ ഭക്ഷണ രീതിയെക്കുറിച്ചും രോഗം വരാതിരിക്കാൻ വേണ്ടി സ്വീകരിക്കുന്ന നടപടികളെക്കുറിച്ചുമുള്ള ബോധവൽക്കരണത്തിന് എല്ലാവിധ പ്രോത്സാഹനവും നൽകും. അതുപോലെ തന്നെ രോഗം നേരത്തെ കണ്ടെത്താനുള്ള (Early Detection) നടപടികൾക്കും കൂടുതൽ പ്രാധാന്യം കൊടുക്കും.

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ പിഞ്ചുകുട്ടികളിൽ വരെ ക്യാൻസർ രോഗം ബാധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ ആവിഷ്ക്കരിച്ച ബാല

സാന്ത്വനം പദ്ധതി ഏറെ ആശ്വാസകരമാണ്. ഞങ്ങളൊക്കെ തിരുവനന്തപുരത്തേയ്ക്ക് ട്രെയിനിൽ വരുമ്പോൾ ഏറ്റവും കൂടുതൽ ക്യാൻസർ രോഗികളെയാണ് കണ്ടുകൊണ്ടിരിക്കുന്നത്. കുട്ടികൾ ഉൾപ്പെടെ ധാരാളം പേർ ദിവസേന ആർ.സി.സി. യിലേക്ക് ചികിത്സയ്ക്ക് വരികയാണ്. ഇതിൽ വളരെ കൂടുതൽ ആളുകളും മലബാറിൽ നിന്നുള്ളവരാണ്. ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ നൽകിക്കൊണ്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ക്യാൻസർ രോഗികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മലപ്പുറത്ത് ഒരു പുതിയ ക്യാൻസർ സെന്റർ ഈ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ മറ്റു ക്യാൻസർ സെന്ററുകൾക്ക് തുക മാറ്റി വച്ചപ്പോൾ മലപ്പുറത്തെ ക്യാൻസർ സെന്ററിനു പ്രത്യേകമായി തുക മാറ്റി വച്ചിട്ടില്ല. മലബാറിൽ നിന്നുള്ളവരാണ് കൂടുതലും ആർ.സി.സി. ലേക്ക് വരുന്നത് എന്നുള്ളതുകൊണ്ട് മലപ്പുറത്തുതന്നെ കുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ ക്യാൻസർ രോഗികൾക്കും ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഈ ഗവൺമെന്റ് ആരംഭിച്ചിട്ടുള്ള മലപ്പുറത്തെ ക്യാൻസർ സെന്ററിന് ഈ ബഡ്ജറ്റിൽ ആവശ്യമായ തുക നീക്കി വയ്ക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: മലപ്പുറം ക്യാൻസർ സെന്ററിന്റെ പ്രൊപ്പോസൽ വൈകി കിട്ടിയതുകൊണ്ടാണ് അത് സംഭവിച്ചത്. ഈ ക്യാൻസർ സെന്ററിന് സാമ്പത്തിക പ്രശ്നത്തിന്റെ പേരിൽ ഒരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. ആവശ്യാനുസരണം ഫണ്ട് അലോട്ട് ചെയ്യുന്നതായിരിക്കും.

ശ്രീ. വി. റ്റി. ബൽറാം: സർ, വികസനവും കരുതലുമെന്ന മുദ്രാവാക്യത്തിലൂന്നിക്കൊണ്ട് സാധാരണക്കാരുടെ ജീവൽപ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന കാര്യത്തിൽ, ധാരാളം പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന് ചെയ്തുതീർക്കാൻ സാധിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ലക്ഷക്കണക്കിന് ആളുകൾക്ക് സഹായധനമെത്തിക്കാൻ സാധിക്കുന്നു. മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം പതിനായിരക്കണക്കിനാളുകൾക്ക് പ്രയോജനപ്പെടുന്നു. ഇവിടെ ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ച സുകൃതം പദ്ധതിയിലുൾപ്പെടുത്തി ഇന്ത്യയിൽ ആദ്യമായി പാവപ്പെട്ടവർക്ക് ക്യാൻസർ ചികിത്സ സൗജന്യമായി നൽകുന്ന സംസ്ഥാനമായി കേരളം മാറുന്നു. പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്ന ആരോഗ്യകിരണം

പദ്ധതിയടക്കമുള്ള പദ്ധതികൾ മുന്നോട്ടുപോകുന്നു. സാമൂഹ്യ-സുരക്ഷാമേഖലയിൽ, ആരോഗ്യസംരക്ഷണമേഖലയിൽ ഗവൺമെന്റ് ചെയ്തുവരുന്ന ഈ പ്രവർത്തനങ്ങളെ അടുത്ത ഒരു ഘട്ടത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിന്റെ പ്രാഥമികമായ പ്രശ്നങ്ങൾ പരിഹരിച്ചുകഴിഞ്ഞ സ്ഥിതിക്ക് ഇനി നമുക്ക് ഏറ്റവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് ഓർഗൻ ട്രാൻസ്പ്ലാന്റ് എന്നുപറയുന്ന മേഖലയിലാണ്. ഇന്ന് ആരും അനാവശ്യമായും അകാരണമായും ഓർഗൻ ട്രാൻസ്പ്ലാന്റിന് തയ്യാറാകുന്നില്ല. പക്ഷേ ദൗർഭാഗ്യകരമായ അവസ്ഥയിൽ, നിവൃത്തികേടിന്റെ അടിസ്ഥാനത്തിൽ കിഡ്നിയോ ലിവറോ പോലുള്ള ഓർഗൻ ട്രാൻസ്പ്ലാന്റിന്റെ ആവശ്യകത വരുമ്പോൾ ഇതിന് ദശലക്ഷക്കണക്കിന് രൂപയാണ് ചികിത്സാ ചെലവിനത്തിൽ ആവശ്യമായി വരുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും നമ്മൾ രണ്ട് ലക്ഷം രൂപ കൊടുക്കുന്നുണ്ട്. മുഖ്യമന്ത്രി നേരിട്ടിടപ്പെട്ട് കാബിനെറ്റിൽ വച്ച് രണ്ട് ലക്ഷം രൂപയോളം ദുരിതാശ്വാസ നിധിയിൽ നിന്നും

കൊടുക്കുന്നുണ്ട്. പക്ഷേ അപ്പോഴും മൂന്നോ നാലോ ലക്ഷം രൂപ മാത്രമേ യഥാർത്ഥ ഗുണഭോക്താവിന് കിട്ടുന്നുള്ളൂ. പിന്നെയും പത്തോ പതിനഞ്ചോ ലക്ഷം രൂപ ഇവർ സ്വന്തം നിലയ്ക്ക് കണ്ടെത്തേണ്ടുന്ന അവസ്ഥയുണ്ടാവുകയാണ്. ഒരു ഇടത്തരക്കാരനോ അപ്പർ മിഡിൽ ക്ലാസ് ഫാമിലിക്കുപോലും ഇത്രയും വലിയ തുക കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ഓർഗൻ ട്രാൻസ്പ്ലാന്റെന്നുപറയുന്ന അനിവാര്യഘട്ടങ്ങളിൽ ഗവൺമെന്റ് കുറച്ചുകൂടി ഉത്തരവാദിത്വം ഏറ്റെടുത്ത്, അതിന്റെ ചെലവ് പൂർണ്ണമായി ഗവൺമെന്റ് വഹിക്കുന്ന ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ബഡ്ജറ്റിന്റെ ഭാഗമായി മറുപടി പറയുമ്പോൾ ആ ഒരു പദ്ധതി കൂടി പ്രഖ്യാപിക്കുകയാണെങ്കിൽ ഓർഗൻ ട്രാൻസ്പ്ലാന്റിനുവേണ്ടി പണമില്ലാതെ കാത്തിരിക്കുന്ന പതിനായിരക്കണക്കിന് പാവപ്പെട്ട ആളുകൾക്ക് അത് പ്രയോജനകരമായിരിക്കും. അതിനുവേണ്ടി അങ്ങ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഓർഗൻ ട്രാൻസ്പ്ലാന്റ് ചെയ്യുന്ന ഏറ്റവും

ആധുനികമായ വൈദ്യശാസ്ത്ര രീതി വിജയകരമായി നടപ്പിലാക്കാൻ കേരളത്തിലെ ഡോക്ടർമാർക്ക് സാധിക്കുന്നുവെന്നതിൽ നമുക്ക് അഭിമാനമുണ്ട്. അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നതിന് ഗവൺമെന്റ് സാധ്യമായ കാര്യങ്ങളൊക്കെ ഇന്ന് ചെയ്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. ഏതെങ്കിലും മരണമുണ്ടാകുന്ന സമയത്ത് കിട്ടുന്ന ഓർഗൻസ് അങ്ങോട്ടുമിങ്ങോട്ടും എത്തിക്കുന്നതിനുവേണ്ടി എയർ ആംബുലൻസ് കൊണ്ടുവരാനായി ആരോഗ്യ വകുപ്പ് ഒരു MOU ഒപ്പുവയ്ക്കാൻ പോകുകയാണ്. എയർ ആംബുലൻസ് ഉടൻ തന്നെ പ്രായോഗിക തലത്തിൽ കൊണ്ടുവരും. ആരോഗ്യവകുപ്പ് ഓർഗൻ ട്രാൻസ്പ്ലാന്റിന് പരമാവധി സഹായം കൊടുക്കും. ഇന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു, നാല് ലക്ഷം രൂപ വരെ ധനസഹായം കിട്ടുന്നുവെന്ന്. ആ തുക വർദ്ധിപ്പിക്കുന്നതിന് എന്താണ് പോംവഴിയെന്നുള്ളത് ആലോചിക്കും. അതിന്റെ പ്രയോജനം കേരളത്തിലും ലഭ്യമാകത്തക്കവിധത്തിലുള്ള നടപടികളാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ക്യാൻസർ രോഗം വരാതിരിക്കാൻ പ്രത്യേകം എടുത്തുപറഞ്ഞത് ജൈവ പച്ചക്കറികൃഷിയെക്കുറിച്ചാണ്. നല്ല ഉദ്ദേശത്തോടുകൂടി, നിയമസഭാ കോംപ്ലക്സിനകത്ത് ജൈവ പച്ചക്കറി കൃഷി

ചെയ്തതിൽ നിന്നും നല്ല വിളവെടുപ്പ് കിട്ടുന്നുവെന്നുള്ളത് പ്രത്യേകമായി അറിയിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: അക്കാര്യത്തിൽ മുൻകയ്യെടുത്ത അങ്ങയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അതുപോലെ ഇവിടുത്തെ സ്കൂളുകളിലെ കുട്ടികൾക്ക് നിയമസഭാ കോംപ്ലക്സിനകത്തുള്ള ജൈവകൃഷി കാണാൻ താൽപ്പര്യമുണ്ട്. അതിനുള്ള അവസരം കൊടുക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: തീർച്ചയായും നിയമസഭയിലെ ജൈവകൃഷി കാണാൻ താൽപ്പര്യമുള്ള കുട്ടികൾക്ക് അതിനുള്ള അവസരം കൊടുക്കുന്നതാണ്.

നക്ഷത്രചിഹ്നമിട്ട 155-ാം നമ്പർ ചോദ്യത്തിൽ ബഹുമാനപ്പെട്ട വർക്കല കഹാർ ഒരു പരാമർശം നടത്തി. അത് സഭാ നടപടികളിൽ നിന്നും നീക്കം ചെയ്യുന്നു.

## കേന്ദ്ര ഫണ്ട്

(*156) ശ്രീ. റ്റി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിവിധ പദ്ധതികളിൽപ്പെടുത്തി സംസ്ഥാനത്തിന്

അനുവദിക്കുന്ന ഫണ്ട്, അതത് ഇംപ്ലിമെന്റിംഗ് വകുപ്പിന് യഥാസമയം അനുവദിച്ചു നൽകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) കേന്ദ്രം അനുവദിക്കുന്ന ഫണ്ട് ഇംപ്ലിമെന്റിംഗ് വകുപ്പിന് പൂർണ്ണമായി കൈമാറാതെ ഭാഗികമായി മാത്രം അനുവദിക്കുന്ന രീതി അവലംബിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പദ്ധതി ഫണ്ട് യഥാസമയം കൈമാറാത്തതും ഭാഗികമായി മാത്രം അനുവദിക്കുന്നതും, നിർദ്ദിഷ്ട പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ടെന്ന വസ്തുത പരിഗണിച്ച്, കേന്ദ്ര ഫണ്ട് ഇംപ്ലിമെന്റിംഗ് ഡിപ്പാർട്ടുമെന്റിന് കൈമാറുന്നതിൽ നിലനിൽക്കുന്ന അപാകത പരിഹരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) ശ്രദ്ധയിൽ വന്നിട്ടില്ല.

(ബി) കേന്ദ്രം അനുവദിക്കുന്ന ഫണ്ട് ഇംപ്ലിമെന്റിംഗ് വകുപ്പിന് നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൈമാറുന്നതാണ്.

(സി) കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പദ്ധതി ഫണ്ട് യഥാസമയം ഇംപ്ലിമെന്റിംഗ് വകുപ്പിന് കൈമാറി നിർദ്ദിഷ്ട പദ്ധതി യഥാസമയം

പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഇപ്പോൾ പറഞ്ഞ ഉത്തരം പുനഃപരിശോധിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ന്യൂനപക്ഷ വകുപ്പിൽ കേന്ദ്രഗവൺമെന്റ് എം.എസ്.ഡി.പി-യിൽപ്പെടുത്തി അനുവദിച്ചത് വളരെ അപര്യാപ്തമായ തുകയാണ്. ഏതാണ്ട് 30 കോടി രൂപ. മൂന്ന് കമ്പോണൻസിനാണ് അതുള്ളത്- കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യം. പക്ഷേ നമ്മുടെ ഗവൺമെന്റ് 25 ശതമാനമടക്കം ആദ്യം കൊടുക്കേണ്ടത് 15 കോടി രൂപയാണ്. 12.15 കോടി രൂപ കേന്ദ്രം തന്നു. 10 കോടി രൂപയാണ് ഇപ്പോൾ നൽകിയിട്ടുള്ളത്. തൽഫലമായി ഈ പദ്ധതി നടപ്പിലാക്കുന്ന വയനാട് ജില്ലയിൽ ഏത് വകുപ്പിനാണ് കൊടുക്കേണ്ടത് എന്നറിയാതെ ഈ പദ്ധതി വൈകുന്നുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തില്ലെങ്കിൽ അടുത്ത ഇൻസ്റ്റാൾമെന്റ് കിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങ് പറഞ്ഞ മറുപടിയുമായി പൊരുത്തപ്പെടുന്നില്ല. അങ്ങ് ഇത് പരിശോധിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പരിശോധിക്കാം. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ കാലതാമസം വരുന്നുണ്ടോ, അത് കിട്ടിയതിനുശേഷം ഫണ്ട് അനുവദിക്കാതിരിക്കുന്നുണ്ടോ എന്നുള്ള കാര്യം പ്രത്യേകം

പരിശോധിക്കുന്നതാണ്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, കേന്ദ്ര ഗവൺമെന്റ് ഐ.ഡി.എം.ഐ പദ്ധതിയിൽപ്പെടുത്തി ധാരാളം സ്കൂളുകൾക്ക് കെട്ടിടം പണിയാൻ ഒന്നാമത്തെ ഇൻസ്റ്റാൾമെന്റ് കൊടുത്തു. രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് വാങ്ങുന്നതിന് വളരെയധികം കൃത്യവിലോപമുണ്ടായിട്ടുണ്ട്. ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് എത്രയും വേഗം രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, രണ്ടാമത്തെ ഗഡു കിട്ടണമെങ്കിൽ ഒരു നിശ്ചിത ശതമാനം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കണം. ഇപ്പോൾ അവർ 100 ശതമാനവും ഇൻസിസ്റ്റ് ചെയ്യുകയില്ല. പലപ്പോഴും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കിട്ടാത്തതുകൊണ്ട് രണ്ടാമത് ഫണ്ട് കിട്ടാതെ വരുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുവച്ച് ഈ തുക ചെലവഴിക്കുന്നതിൽ എവിടെയെങ്കിലും വീഴ്ച വന്നിട്ടുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി വയനാട് ജില്ലകളിലും ചില ബ്ലോക്കുകളിലും നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതി മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കാൻ കഴിയാത്തത് നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ

അനാസ്ഥ കൊണ്ടാണെന്നും യഥാസമയത്ത് ശ്രദ്ധിക്കാത്തതുകൊണ്ടാണെന്നുമുള്ള പരാതിയുണ്ട്. അതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ; ബഹുമാനപ്പെട്ട റ്റി.എ. അഹമ്മദ് കബീർ ഇവിടെ സൂചിപ്പിച്ച ഐ.ഡി.എം.ഐ പദ്ധതി പല സ്കൂളുകളും അപേക്ഷ സമർപ്പിച്ചിട്ട് മൂന്നും നാലും വർഷം കാത്തിരിക്കുകയാണ്. ഇത് യഥാസമയത്ത് കിട്ടാത്തത് എന്തുകൊണ്ടാണെന്നുള്ള കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കേന്ദ്രാവിഷ്കൃത ഫണ്ട് നമുക്ക് ലഭ്യമാക്കിയ ബന്ധപ്പെട്ട ഇംപ്ലിമെന്റിംഗ് ഏജൻസിയെ ഉടനെ അറിയിക്കും. കാരണം അതിനൊരു നടപടിക്രമമുണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ച് ഫണ്ട് റിലീസ് ചെയ്യാൻ ആവശ്യപ്പെട്ടാൽ കേന്ദ്രഫണ്ടിന്റെ വിഹിതവും സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും ചേർത്ത് അവർക്ക് കൊടുക്കും. ഇതാണ് നമ്മുടെ സിസ്റ്റം. ഇക്കാര്യത്തിൽ എന്തെങ്കിലും പോരായ്മയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാം.

ശ്രീ. പി. ഉബൈദുള്ള: സർ, നബാർഡിൽ നിന്നും മറ്റ് കേന്ദ്ര ഏജൻസികളിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിരവധി കുടിവെള്ള പദ്ധതികളുണ്ട്. പല സ്കീമുകളുടേയും പണി തീർന്നതിനുശേഷം ബില്ലുകൾ സമർപ്പിച്ചിട്ട് ഫണ്ട് കൈമാറാത്തതുകാരണം പാതിവഴിയിൽ

സ്തംഭിച്ചിരിക്കുകയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ തുക കൈമാറാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നബാർഡ് സാങ്ഷൻ ചെയ്തിട്ടുള്ള തുക കിട്ടുന്നതിന് സാധാരണ രീതിയിൽ പ്രതിസന്ധിയില്ല. രണ്ടാമത്തെ ഗഡുവും മൂന്നാമത്തെ ഗഡുവും കിട്ടുന്നതിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കേണ്ടതായിട്ടുണ്ട്. നബാർഡും സംസ്ഥാന ഗവൺമെന്റുമായിട്ടുള്ള ഇടപാടുകൾ നല്ല രീതിയിലാണ് നടക്കുന്നത്. നബാർഡിൽ നിന്നും കൂടുതൽ സഹായം വാങ്ങുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപ്പോലെ ഏതെങ്കിലുമൊരു പ്രോജക്ടിന് താമസമുണ്ടായിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ കൃത്യമായി പരിശോധിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)